പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
07/06/2018 ൽ
നിയമസഭാചോദ്യം നം. *92

മറുപടിക്ക്

## തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കുവാൻ നടപടി

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.അടൂർ പ്രകാശ്
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.സണ്ണി ജോസഫ്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളെല്ലാം തുറന്ന് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ദൗർലഭ്യവും മൂലം പൊതു മേഖല സ്ഥാപനങ്ങളായ കാപ്പെക്സിന്റെയും കാഷ്യൂ കോർപ്പറേഷന്റെയും ഫാക് ടറികൾ പ്രവർത്തന രഹിതമായിരുന്നു. സർക്കാർ ഇടപെടലിലൂടെ പൊതു മേഖല സ്ഥാപനങ്ങളായ കാപ്പെക്സും കാഷ്യൂ കോർപ്പറേഷനും 2016 ഓണത്തിനു മുൻപ് പ്രവർത്തനം ആരംഭിച്ചു. തോട്ടണ്ടി ലഭ്യമാക്കി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും ക്ഷേമ പ്രവർത്തനങ്ങൾക്കുമായി കാഷ്യൂ കോർപ്പറേഷന് 2016-17 ൽ 60 കോടി രൂപയും 2017-18 ൽ 85.6 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള കുടിശ്ശിക 80 കോടി രൂപ ഒറ്റത്തവണയായി കൊടുത്തു തീർത്തു.<br><br>കാപ്പെക്സിന് 2016-17 ൽ 4 കോടി രൂപയും 2017-18 ൽ 24.55 കോടി രൂപയും 2018-19 ൽ ഇതുവരെ |

| | | | |
|---|---|---|---|
| | | | 4 കോടി രൂപയുംനൽകിയിട്ടുണ്ട്.<br>തോട്ടണ്ടിയുടെ ദൗർലഭ്യവും പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാരണം പ്രതിസന്ധിയിലായ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നിരന്തരശ്രമം നടത്തിവരികയാണ്. 176 സ്വകാര്യ ഫാക്ടറികൾ ഇതിനകം ധനകാര്യ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ പാക്കേജ് സമർപ്പിച്ചിട്ടുണ്ട്.<br>നിലവിലുള്ള വായ്പ പുനക്രമീകരിച്ച് പ്രവർത്തനമൂലധനം ലഭ്യമാക്കി അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ഇതിനകംതന്നെ പൂട്ടിക്കിടക്കുന്ന 172 സ്വകാര്യ ഫാക്ടറികൾ തുറന്നിട്ടുണ്ട്.<br>തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ആഫ്രിക്കയിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ കേരളത്തിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി 2017 മുതൽ കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചിട്ടുണ്ട്.<br>തോട്ടണ്ടിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്ന തിനായി വനം, കൃഷി, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിലും സാധ്യമായ സ്വകാര്യ ഭൂമികളിലും എസ്റ്റേറ്റ് അടിസ്ഥാനത്തിൽ അത്യുല്പാദന ശേഷിയുള്ള കശുമാവിനങ്ങൾ കൃഷിചെയ്യുന്നതിനുള്ള നടപടികളും |

| | | | |
|---|---|---|---|
| | | | സംസ്ഥാന കശുമാവ് കൃഷി ഏജൻസി മുഖാന്തിരം സ്വീകരിച്ചുവരികയാണ്. എന്നാൽ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷിചെയ്യുന്നതിന് സ്വകാര്യ പ്ലാന്റർമാർക്കും അനുമതി നല്കിയാൽ മാത്രമേ കശുമാവ് കൃഷി കേരളത്തിൽ വ്യാപകമായ തോതിൽ ചെയ്യാൻ സാധിക്കുകയുള്ളൂ. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് അത്തരം ശ്രമങ്ങളും നടന്നുവരുന്നു. |
| (ബി) | കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള എത്ര ഫാക്ടറികൾ നിലവിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ട്; | (ബി) | കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള എല്ലാ ഫാക്ടറികളും തുറന്നുപ്രവർത്തിച്ച് വരുന്നു. |
| (സി) | തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിന് രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ഏതൊക്കെ രാജ്യങ്ങളിൽ നിന്നും എത്ര മെട്രിക് ടൺ കശുവണ്ടി സംഭരിച്ചിട്ടുണ്ട്; ഇതിന്റെ ഫലമായി എത്ര ദിവസത്തെ തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; | (സി) | തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ കേരളാ കാഷ്യൂ ബോർഡ് സ്വീകരിച്ച് വരികയാണ്. സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി ഈ വർഷം തന്നെ തോട്ടണ്ടി സംഭരിക്കുന്നതാണ്. |
| (ഡി) | തോട്ടണ്ടി ദൗർലഭ്യം പരിഹരിക്കുവാൻ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും എത്ര മെട്രിക് ടൺ തോട്ടണ്ടി ഈ വർഷം സംഭരിക്കുവാൻ സാധിച്ചു; | (ഡി) | കശുവണ്ടി വികസന കോർപ്പറേഷന് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും 2018 വർഷം സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>വിവിധ ഗവൺമെന്റ് ഫാമുകളിൽ നിന്ന് - 29389.7 kgs<br><br>ആറളം ഫാമിൽ നിന്ന് - 173886.5 kgs<br><br>പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് NM Agency മുഖാന്തിരം - 215985 kgs |

| | | | |
|---|---|---|---|
| | | | പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് NM Agency മുഖാന്തിരം ചീമേനിയിൽ നിന്ന് - 105644.5 kgs<br>ആകെ 524.905 മെട്രിക് ടൺ<br>ടെന്റർ മുഖാന്തിരം 3150.383 MT<br>ആകെ 3675.288 MT<br><br>കാപ്പെക്സ് ഇതുവരെയായി ഈ-ടെൻഡർ മുഖാന്തിരവും (1690MT), ആറളം ഫാമിൽ നിന്നും(60 MT) കർഷകരിൽ നിന്നും (160 MT)<br>ആകെ 1910 MT നാടൻ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ട് |
| (ഇ) | ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലികൊടുക്കുന്നതിനുള്ള ശ്രമങ്ങൾ വിജയപ്രദമാണോ; അല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | (ഇ) | 2017 ൽ കാപ്പെക്സും കാഷ്യു കോർപ്പറേഷനും കൂടി കേരളത്തിൽ നിന്നും ആകെ 2781.466 MTN തോട്ടണ്ടിയും 2018 ൽ 5585.288 MTN തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത് വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ഒരു ചെറിയ ശതമാനം മാത്രമാണ് ഇവിടെ ഉത്പാദിപ്പിക്കുന്നതെങ്കിലും ആകെ ഉത്പാദനത്തിന്റെ ചെറിയ ശതമാനം മാത്രമേ സർക്കാർ ഉടമസ്ഥതയിലുള്ള കാഷ്യു കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുള്ളൂ. സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും ഈ വർഷം സർക്കാർ നിശ്ചയിച്ച വിലയ്ക്ക് തോട്ടണ്ടി ലഭിച്ചിട്ടില്ല. സർക്കാർ ഉടമസ്ഥതയിലുള്ള മുഴുവൻ തോട്ടങ്ങളിൽ നിന്നുള്ള തോട്ടണ്ടി വിലനിർണ്ണയസമിതി നിശ്ചയിക്കുന്ന വിലയ്ക്ക് കാഷ്യു കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ സർക്കാർ തോട്ടങ്ങളിലും സ്ഥാപനങ്ങളിലും |

| | | | |
|---|---|---|---|
| | | | ലഭ്യമായ തോട്ടണ്ടി സർക്കാർ സ്ഥാപനങ്ങളായ കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുണ്ടെന്നകാര്യം ഉറപ്പുവരുത്തുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനുകീഴിലുള്ള ആറളം ഫാമിൽ നിന്ന് 2017 ലും 2018 ലും മുഴുവൻ തോട്ടണ്ടിയും സർക്കാർ സ്ഥാപനങ്ങൾക്കുതന്നെ ലഭിച്ചിട്ടുണ്ട്. കശുവണ്ടി സംഭരണ കോർപ്പറേഷനും കാപ്പെക്സും ആരംഭിച്ചതോട്ടുകൂടി പൊതുമേഖലയിലെ തോട്ടണ്ടിക്ക് ഏറ്റവും മികച്ച വിലയാണ് ലഭിക്കുന്നത്. കേരളത്തിലെ കശുമാവ് കർഷകർക്കും തോട്ടണ്ടിക്ക് ഉയർന്ന വില ലഭിക്കുന്നതിന് തോട്ടണ്ടി സംഭരിക്കുന്നതിനുള്ള സർക്കാർ ഇടപെടൽ സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ